# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2752** **18.08.2017-ൽ മറുപടിയ്ക്ക്**

## കൊട്ടാരക്കര ആസ്ഥാനമാക്കി കേന്ദ്രീയവിദ്യാലയം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി | | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | കൊട്ടാരക്കര ആസ്ഥാനമാക്കി കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | കേന്ദ്രീയ വിദ്യാലയം പ്രവർത്തിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയത് സംബന്ധിച്ച് വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | ബി) | സമയബന്ധിതമായി തിരികെ കിട്ടും എന്ന വ്യവസ്ഥയിൽ കൊല്ലം ഡയറ്റിൽ (കൊട്ടാരക്കര) ഒഴിഞ്ഞു കിടക്കുന്ന ഹോസ്റ്റൽ കെട്ടിടം കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി താൽക്കാലികമായി വിട്ടുനൽകാൻ 28/07/2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3079/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഹോസ്റ്റൽ കെട്ടിടം ആവശ്യപ്പെടുമ്പോൾ വിട്ടു നൽകണമെന്ന് കാണിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കൊട്ടാരക്കര ഡയറ്റ് പ്രിൻസിപ്പലിന് കത്തും നൽകിയിട്ടുണ്ട്.<br>15/07/2016 ന് ശ്രീ.കൊടിക്കുന്നിൽ സുരേഷ്.എം.പി., കേന്ദ്രീയ വിദ്യാലയ ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ കൊട്ടാരക്കര ഡയറ്റ് ഹോസ്റ്റൽ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും അവിടെ ആരംഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ